**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3232** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ മാത്രമേ നടപ്പിലാക്കാവൂ എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായത്തിലൂടെ തന്നെയാണോ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലമാറ്റം ഓൺലൈൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. |
| (ബി) | 2016-17 അധ്യയന വർഷം മുതലുള്ള ഏതൊക്കെ വർഷങ്ങളിൽ ഹയർ സെക്കണ്ടറി അധ്യാപകരുടെ പൊതു സ്ഥലംമാറ്റം നടത്തുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് പ്രകാരം പൊതു സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | 2018-2019 അധ്യായന വർഷത്തെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും അന്തിമ സ്ഥലമാറ്റ ഉത്തരവ് 25/10/2018 ലെ എ.ഡി.സി6/105059/18/ എച്ച്.എസ്.ഇ നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2019-2020 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും അന്തിമ സ്ഥലമാറ്റ ഉത്തരവ് 06/09/2019 ലെ എ.ഡി.സി6/130383/19/ എച്ച്.എസ്.ഇ. നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2020-2021 അധ്യായന വർഷത്തെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലമാറ്റം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നടത്തിയിട്ടില്ല.<br><br>2021-2022 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിച്ച് അന്തിമ സ്ഥലമാറ്റ ഉത്തരവ് 23/05/2022 ലെ |

| | | | |
|---|---|---|---|
| | | | എ.ഡി.സി6/192430/2021/ഡി.ജി.ഇ. നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിച്ചു. കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ ആയതിന്റെ തുടർച്ചയായ അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ 15.02.2023 തീയതിയിലാണ് ഉത്തരവായത്. തുടർന്ന് ഒ.എ 642/2022 മേൽ 21.08.2023 ൽ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം അടിയന്തരമായി പൂർത്തിയാക്കേണ്ടതാണെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2022-23-ലെ പൊതുസ്ഥലംമാറ്റം നടത്താതെ 2023-24 അധ്യയനവർഷത്തെ പൊതുസ്ഥലംമാറ്റം നടത്തുകയുണ്ടായി.<br><br>2023-2024 അധ്യയന വർഷത്തെ ഹയർ സെക്കൻഡറി അധ്യാപകരുടെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുകയും അന്തിമ സ്ഥലമാറ്റ ഉത്തരവ് 16/02/2024-ലെ എച്ച്.എസ്.ഇ./5034/2023/ എ.ഡി.സി6 നമ്പർ നടപടിക്രമം പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2023-24 അക്കാദമിക് വർഷത്തെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന് ബഹു.ഹൈക്കോടതി/ബഹു. ട്രൈബ്യൂണൽ മുമ്പാകെ നിലവിലുണ്ടായിരുന്ന നിയമ വ്യവഹാരങ്ങളെ തുടർന്ന് കാലതാമസമുണ്ടായിട്ടുള്ളതിനാലും 2024-25 അക്കാദമിക വർഷം പൂർത്തിയാകാറായതിനാലും ഹയർസെക്കൻഡ അധ്യാപകരുടെ 2023-24 പൊതുസ്ഥലംമാറ്റത്തെ തുടർന്നുള്ള ക്രമീകരണ സ്ഥലംമാറ്റം, ഹയർ സെക്കന്ററി അധ്യാപകരുടെ 2024-25 പൊതുസ്ഥലംമാറ്റം എന്നിവ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട |
| (സി) | അതത് വർഷങ്ങളിൽ പൊതു സ്ഥലംമാറ്റം നടപ്പിലാക്കാത്തതിനാൽ തെക്കൻ ജില്ലകളിലുള്ള അധ്യാപകർ ദീർഘകാലമായി വടക്കൻ ജില്ലകളിൽ തന്നെ ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ഈ അധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള നോട്ടിഫിക്കേഷൻ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഇല്ല. ഹയർ സെക്കൻഡറി അധ്യാപകരുടെ 2023-24 അക്കാദമിക് വർഷത്തെ പൊതുസ്ഥലമാറ്റം നടപ്പിലാക്കുന്നതിന് ബഹു.ഹൈക്കോടതി/ബഹു. ട്രൈബ്യൂണൽ |

| | | | |
|---|---|---|---|
| | | | മുമ്പാകെ നിലവിലുണ്ടായിരുന്ന നിയമ വ്യവഹാരങ്ങളെ തുടർന്ന് കാലതാമസമുണ്ടായിട്ടുള്ളതിനാലും 2024-25 അക്കാദമിക വർഷം പൂർത്തിയാകാറായതിനാലും ഹയർസെക്കൻററ അധ്യാപകരുടെ 2023-24 പൊതുസ്ഥലംമാറ്റത്തെ തുടർന്നുള്ള ക്രമീകരണ സ്ഥലംമാറ്റം, ഹയർ സെക്കന്ററി അധ്യാപകരുടെ 2024-25 പൊതുസ്ഥലംമാറ്റം എന്നിവ നടത്തേണ്ടതില്ലെന്ന് 19/02/2025 ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഹയർ സെക്കൻഡറി അധ്യാപകരുടെ 2025-2026 അക്കാദമിക് വർഷത്തെ പൊതുസ്ഥലമാറ്റം സമയബന്ധിതമായി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ഹയർ സെക്കണ്ടറി അധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ചുള്ള പുതുക്കിയ സർക്കാർ ഉത്തരവിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

**സ.ഉ.(സാധാ) നം.838/2019/പൊ.വി.വ** തീയതി,തിരുവനന്തപുരം, 02/03/2019

---

പരാമർശം:- 1 10/09/2004-ലെ സ.ഉ (പി.) നമ്പർ 12/2004/ഉ.ഭ.പ.വ.

2 25.02.2017-ലെ സ.ഉ(പി) നം. 03/2017/ ഉ.ഭ.പ.വ.

3 24.04.2017-ലെ സ.ഉ(പി) നം. 05/2017/ ഉ.ഭ.പ.വ.

4 27.05.2015-ലെ സ.ഉ(പി) നം. 143/2015/പൊവി.വ.

5 15.05.2017-ലെ സ.ഉ(പി) നം. 10/2017/ പൊവിവ.

6 26/10/2015-ലെ സ.ഉ (സാധാ) നം.5035/2015/പൊ.വി.വ.

7 03.04.2017-ലെ സ.ഉ(പി) നം. 06/2017/ പൊവിവ.

8 1.10.2018 ലെ സ ഉ (സാധാ) 3888/2018/പൊ.വി.വ

**ഉത്തരവ്**

പരാമർശം 1,2,3 പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും സർക്കാർ നിശ്ചയിച്ചിരുന്നു. അതിലെ പൊതു തത്വങ്ങൾ അംഗീകരിച്ചുകൊണ്ടും ഹയർസെക്കണ്ടറിവിദ്യാഭ്യാസ വകുപ്പിലെ തനതു സവിശേഷതകളും കണക്കിലെടുത്ത് ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച് പൊതു മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും പുറപ്പെടുവിക്കേണ്ടത് പൊതു താല്പര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ തീരുമാനിച്ചു.പരാമർശം 4,5 പ്രകാരം സംസ്ഥാനത്തെ ഹയർസെക്കണ്ടറി

അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ 25/02/2017-ലെ സ.ഉ (പി) നം. 3/2017/ഉ.ഭ.പ.വപൊതുസ്ഥലംമാറ്റത്തെ സംബന്ധിച്ച് നിരവധി പരാതികൾ ഉണ്ടായതിനെത്തുടർന്ന നല്കിയ കേസുകളിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 1.10.2015 ൽ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് സർക്കാർ സൂചന 6 ൽ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു. പൊതു സ്ഥലംമാറ്റത്തെ സംബന്ധിച്ച് നിരവധി പരാതികൾ വീണ്ടും ഉണ്ടായതിനെത്തുടർന്ന് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും വീണ്ടും ഭേദഗതി ചെയത് സർക്കാർ സൂചന 7 ൽ പരാമർശിക്കുന്ന ഉത്തരവ് പുറപ്പെടുവിച്ചു.

സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ സ്ഥലംമാറ്റം സംബന്ധിച്ച് നിരവധി പരാതികൾ വീണ്ടും വീണ്ടും ഉണ്ടായതിനെത്തുടർന്നും നിരവധി കേസുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും ബഹു. കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തതിനെത്തുടർന്ന് ഇക്കാര്യത്തിൽ സമഗ്രവും ശാശ്വതവുമായ പരിഹാരം ഉണ്ടാക്കേണ്ടത് പൊതുതാൽപര്യാർത്ഥം ആവശ്യമാണെന്ന് സർക്കാർ കണ്ടു. തുടർന്ന് സൂചന 8 ലെ സർക്കാർ ഉത്തരവ് പ്രകാരം, സർക്കാർ ഹയർസെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പൊതുസ്ഥലംമാറ്റം/അനുകമ്പാർഹമായ സ്ഥലംമാറ്റം /മുൻഗണണനാ സ്ഥലംമാറ്റംഎന്നിവക്ക് കൃത്യവും ശാസ്ത്രീയവും യുക്തിഭദ്രവും സമഗ്രവുമായ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സംസ്ഥാന ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി, നിയമവകുപ്പ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങിയ ഒരു ഉന്നത തല സമിതി രൂപീകരിച്ചു.

ഇപ്രകാരം രൂപീകരിച്ച ഉന്നതതല സമിതി അതിന്റെ റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുകയുണ്ടായി. ജനാധിപത്യ തത്വങ്ങൾ പാലിച്ചുകൊണ്ട് സമിതിയുടെ ശുപാർശകളിന്മേൽ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ സംഘടനാ പ്രതിനിധികളെയും താല്പര്യമുള്ളവരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഉന്നതതല സമിതിയുടെ റിപ്പോർട്ടിൽ അടങ്ങിയ നിർദേശങ്ങളിന്മേൽ ആവശ്യമായ ഭേദഗതി വരുത്താനും സർക്കാർ തീരുമാനിച്ചു. തുടർന്ന് 12.02.2019 ൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദ്ധ്യാപക സംഘടനാ പ്രതിനിധികളും ഉദ്യോഗസ്ഥരും യോഗം ചേരുകയും യോഗതീരുമാനങ്ങൾ പരിശോധിച്ച് കരട് ഉത്തരവ് തയ്യാറാക്കാനും തീരുമാനിച്ചു.

സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റം സംബന്ധിച്ച്

സർക്കാർ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉത്തരവുകളും മാർഗ്ഗനിർദേശങ്ങളും അതിലംഘിച്ചുകൊണ്ട്, സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും ഇതിനാൽ സർക്കാർ പുറപ്പെടുവിക്കുന്നു.

1. **<u>പൊതു സ്ഥലംമാറ്റം</u>**:-

i. ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖാന്തിരം മാത്രമേ നടത്താൻ പാടുള്ളൂ. അതത് അക്കാദമിക വർഷം ഹയർസെക്കണ്ടറി ഡയറക്ടർ നിശ്ചയിക്കുന്ന സമയക്രമം അനുസരിച്ച് പൊതുസ്ഥലംമാറ്റം നടത്തുന്നതാണ്.

ii. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം കഴിവതും ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിനു മുമ്പ് നടത്തേണ്ടതാണ്.

iii. പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം/നിയമനം എന്നിവയെ തുടർന്ന് ഏതെങ്കിലും ഹയർ സെക്കന്ററി അധ്യാപകന്/അധ്യാപികയ്ക്ക് സ്കൂൾമാറ്റം അനിവാര്യമാകുകയാണെങ്കിൽ അതേ റവന്യൂ ജില്ലയിലെ അതേ വിഷയത്തിലെ ഔട്ട്സ്റ്റേഷൻ സർവ്വീസ് ഏറ്റവും കുറഞ്ഞ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകനെ/അധ്യാപികയെ അതേ വിഷയത്തിലെ ഏറ്റവും കുറഞ്ഞ ഔട്ട് സ്റ്റേഷൻ സർവ്വീസ് മാനദണ്ഡമാക്കി മാറ്റി നിയമിക്കുന്നതാണ്.

**<u>2. ഓപ്പൺ വേക്കൻസി</u>**

i. അധ്യാപകർ ഒരു ഹോംസ്റ്റേഷനിൽ അതത് വർഷം മെയ് 31-ന് അഞ്ച് വർഷം സേവനം പൂർത്തിയാക്കുമ്പോൾ പ്രസ്തുത തസ്തികകളും, തനത് അക്കാദമിക വർഷത്തിൽ ജൂൺ 1 മുതൽ മെയ് 31 വരെയുണ്ടാകുന്ന എല്ലാ ഒഴിവുകളും, ആദ്യമായി പി.എസ്.സി നിയമനം/ബൈട്രാൻസ്ഫർ ലഭിച്ച അധ്യാപകർ നിയമിക്കപ്പെട്ട തസ്തികകളും, ഓപ്പൺ വേക്കൻസികളായി ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിക്കുന്നതാണ്.

ii. ഇപ്രകാരം ഉണ്ടാകുന്ന ഓപ്പൺ വേക്കൻസികളിലേക്ക് മൂന്ന് വർഷം സർക്കാർ ഹയർ സെക്കന്ററി അധ്യാപക തസ്തികയിൽ റെഗുലർ സർവ്വീസ് പൂർത്തിയാക്കിയവർക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അപേക്ഷകരിൽ ഔട്ട് സ്റ്റേഷൻ സർവ്വീസുള്ളവരുണ്ടെങ്കിൽ സ്ഥലംമാറ്റത്തിന് മുൻഗണന ഔട്ട്സ്റ്റേഷൻ സർവ്വീസിന്റെ ദൈർഘ്യത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഔട്ട്സ്റ്റേഷൻ സർവ്വീസിന്റെ ദൈർഘ്യം കണക്കാക്കുന്നത് സ്ഥലംമാറ്റ ഉത്തരവ് തീയതി/ നിയമന ഉത്തരവ്

തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും.

iii. പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കാവുന്ന സ്കൂളുകളുടെ എണ്ണം ഓൺലൈൻ സംവിധാനം അനുവദിക്കുന്ന പരമാവധി സ്കൂളുകൾ ആയിരിക്കും .

iv. പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള പ്രൊമോഷൻ 22.09.2014ന് മുമ്പ് താല്കാലികമായോ, സ്ഥിരമായോ ഉപേക്ഷിച്ച് അദ്ധ്യാപകരായി തുടരുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലെ ടി അദ്ധ്യാപകർ വഹിക്കുന്ന തസ്തികകൾ 06.02.2015 ലെ സ.ഉ.(പി)37/2015/പൊ.വി.വ, 15.05.2017 ലെ സ.ഉ.(പി) 10/2017/പൊ.വി.വ എന്നിവ പ്രകാരം ഓപ്പൺ വേക്കൻസികളായി കണക്കാക്കുന്നതല്ല.

## 3. അപേക്ഷ

i. അതത് വർഷം മെയ് 31-ന് മൂന്നുവർഷം ഹയർ സെക്കന്ററി അധ്യാപക സർവ്വീസ് പൂർത്തിയാക്കിയ അധ്യാപകർക്ക് മാത്രമേ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ പാടുള്ളൂ. എന്നാൽ അനുകമ്പാർഹ സ്ഥലമാറ്റത്തിനായി അപേക്ഷിക്കുന്നവർക്ക് മൂന്ന് വർഷ സമയ പരിധി ബാധകമല്ല.

ii. ഹയർ സെക്കന്ററി ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള റിമോട്ട് ഏരിയ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഹയർ സെക്കന്ററി അധ്യാപകർക്ക് ഒരു വർഷസേവനം 1 1/2 വർഷ സേവനമായി പരിഗണിക്കും. പ്രസ്തുത മേഖലയിലെ തുടർച്ചയായ രണ്ടു വർഷത്തെ സേവനമുള്ളവർക്കു മാത്രമേ ഒരു വർഷം ഒന്നര വർഷമായി പരിഗണിക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇത്തരം സ്കൂളുകളിൽ ജോലി ചെയ്യുന്ന ഹയർ സെക്കന്ററി അധ്യാപകർക്ക് അതത് വർഷം മേയ് 31-ന് രണ്ട് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.

iii. പൊതുസ്ഥലംമാറ്റത്തിനു ശേഷം നിലനില്ക്കുന്ന ഒഴിവുകളിലേക്ക് എല്ലാവർക്കും മൂന്നു വർഷ സർവ്വീസ് പൂർത്തിയാകാത്തവർക്കടക്കം അപേക്ഷിക്കാവുന്നതാണ്. അത്തരം ഒഴിവുകളിലേക്ക് പൊതുസ്ഥലംമാറ്റം പൂർത്തിയായി ഒരു മാസത്തിനകം സ്ഥലംമാറ്റ നിയമനം നടത്തേണ്ടതാണ്. ഈ സ്ഥലംമാറ്റ പ്രക്രിയയും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓൺലൈനായി നടത്തേണ്ടതാണ്.

iv. ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷകൾ പ്രിൻസിപ്പൽ മുഖാന്തിരം മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ പരിഗണിക്കുകയില്ല.

v. ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള പരസ്പരമാറ്റ അപേക്ഷകൾ, നിശ്ചിത തീയതിക്കുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ

എന്നിവ നിരുപാധികം നിരസിക്കുന്നതാണ്.

vi. ഹയർ സെക്കന്ററി അധ്യാപക സർവ്വീസ് ദൈർഘ്യം ആയിരിക്കും സ്ഥലംമാറ്റത്തിന് സീനിയോറിറ്റി കണക്കാക്കാനുള്ള മാനദണ്ഡം. സർവ്വീസ് ദൈർഘ്യം കണക്കാക്കുന്നത് താഴെ പറയും പ്രകാരമായിരിക്കും .

a. ഹയർ സെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകനായി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

b. പി.എസ്.സി മുഖാന്തിരം ഹയർ സെക്കന്ററി സീനിയർ അധ്യാപിക/-അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

c. ഹയർ സെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകനായി ഹയർ സെക്കന്ററി ജൂനിയർ അധ്യാപക തസ്തികയിൽ നിന്ന് പ്രൊമോഷൻ വഴിയാണ് നിയമനമെങ്കിൽ പ്രമോഷൻ ഉത്തരവിന്റെ തീയതിയും, ഉത്തരവിലെ ക്രമനമ്പരുമാകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

d. ഹയർ സെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായി ബൈട്രാൻസ്ഫർ വഴിയാണ് നിയമനമെങ്കിൽ പ്രസ്തുത നിയമന ഉത്തരവിന്റെ തീയതിയും ഉത്തരവിലെ ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

e. പി.എസ്.സി മുഖാന്തിരം ഹയർ സെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായാണ് നിയമനമെങ്കിൽ പ്രസ്തുത നിയമനത്തിനായി അഡ്വൈസ് ചെയ്ത തീയതിയും അഡ്വൈസ് ചെയ്ത ക്രമനമ്പരും ആകും സീനിയോറിറ്റി കണക്കാക്കാൻ പരിഗണിക്കുക.

f. പി.എസ്.സി മുഖാന്തിരം ഹയർ സെക്കന്ററി സീനിയർ അധ്യാപിക/അധ്യാപകൻ ഹയർ സെക്കന്ററി ജൂനിയർ അധ്യാപിക/അധ്യാപകനായി നിയമിക്കപ്പെട്ടവർ ജോലിയിൽ ചേർന്നത് നിയമന തീയതിക്ക് മൂന്ന് മാസത്തിന് ശേഷമാണെങ്കിൽ അവർ സർവ്വീസിൽ ചേർന്ന ദിവസം മുതൽ മാത്രമേ സീനിയോറിറ്റി കണക്കാക്കുകയുള്ളൂ.

4. **<u>വെയിറ്റേജ്</u>**

i. ഹോംസ്റ്റേഷനു പുറത്തുള്ള സേവനത്തിന് ദൂരപരിധി കണക്കിലെടുത്ത് താഴെപ്പറയും പ്രകാരം വെയ്റ്റേജ് നൽകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന

വെയിറ്റേജ് ഔട്ട്സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിന് മാത്രം പരിഗണിക്കുന്നതാണ്.

a. ഹോംസ്റ്റേഷനിൽ നിന്നും 200 കിലോമീറ്റർ വരെ മുൻഗണന ഇല്ല.
b. ഹോംസ്റ്റേഷനിൽ നിന്നും 201 കിലോമീറ്റർ മുതൽ 400 കിലോമീറ്റർ വരെ 1 വർഷം സേവനം = 1 $^{1/4}$ വർഷം.
c. 401 കിലോമീറ്റർ മുതൽ മുകളിലുള്ള ദൂരം – 1 വർഷം = 1 $^{1/2}$ വർഷം.

ii. കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി മറ്റേതെങ്കിലും റവന്യൂജില്ലകളിലെ വിദൂര പ്രദേശം, മലയോര മേഖലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് 1 വർഷം സേവനം
1 $^{1/2}$ വർഷ സേവനമായി പരിഗണിക്കും . 2 വർഷത്തിൽ കുറഞ്ഞ സർവീസ് ഉള്ളവരെ ഈ ആനുകൂല്യത്തിന് പരിഗണിക്കുകയില്ല. ഇത്തരം സ്കൂളുകൾ ഏതൊക്കെയെന്ന് കാണിച്ച ലിസ്റ്റ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ പ്രസിദ്ധീകരിക്കുന്നതാണ്.

5. **<u>ഹോംസ്റ്റേഷൻ</u>**

i. എല്ലാ ഗവൺമെന്റ് ഹയർസെക്കന്ററി അധ്യാപകരുടേയും ഹോം സ്റ്റേഷൻ പി.എസ്.സി അഡ്വൈസിലെ റവന്യൂ ജില്ലയായിരിക്കും. പ്രസ്തുത റവന്യൂ ജില്ല ഹോംസ്റ്റേഷനായി ഹയർ സെക്കന്ററി സർവ്വീസിൽ ജോയിൻ ചെയ്യുന്ന സമയത്ത് തന്നെ പ്രിൻസിപ്പാൾ സർവ്വീസ് ബുക്കിൽ ഹോംസ്റ്റേഷനായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ സർവ്വീസ് കാലയളവിൽ ഒരു തവണ മാത്രം ഹോംസ്റ്റേഷൻ മാറ്റാവുന്നതാണ്. ഇപ്രകാരം ഹോംസ്റ്റേഷൻ ഒരിക്കൽ മാറ്റിയ അധ്യാപകർക്ക് വീണ്ടും സർവ്വീസ് കാലയളവിൽ ഹോംസ്റ്റേഷൻ മാറ്റുവാൻ സാധ്യമല്ല.
ii. ഇപ്രകാരം ഹോംസ്റ്റേഷൻ മാറ്റം വരുത്തുന്ന അധ്യാപകരുടെ രണ്ട് ഹോംസ്റ്റേഷനിലെ സർവ്വീസും ഔട്ട് സ്റ്റേഷൻ സർവ്വീസായി പരിഗണിക്കുന്നതല്ല. ഈ അധ്യാപകരുടെ മറ്റ് റവന്യൂ ജില്ലകളിലെ സർവ്വീസ് ഔട്ട് സ്റ്റേഷൻ സർവ്വീസായി പരിഗണിക്കുന്നതാണ്.

**<u>6. അനുകമ്പാർഹമായ കാരണങ്ങൾ</u>**

i. ഗുരുതരമായ ഏതെങ്കിലും അസുഖമോ (ഗുരുതരമായ അസുഖങ്ങൾ എന്നത് ക്യാൻസർ, മേജർ ഓപ്പറേഷൻ ആവശ്യമായ ഹൃദ്രോഗം, പക്ഷാഘാതം, ഡയാലിസിസ് ആവശ്യമായ വൃക്ക രോഗം എന്നിവയും കരൾ, വൃക്ക എന്നിവ ദാനം ചെയ്തവരും, അവയവം മാറ്റിവയ്ക്കലിന് വിധേയരായവരും), അപകടം മൂലം ഒരു ജീവനക്കാരന് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് മൂലം ജീവനക്കാരന് പരസഹായത്തിനായി ആശ്രയിക്കേണ്ടതായി വരുക.

ii. അനുകമ്പാർഹമായ സ്ഥലമാറ്റത്തിനായി ഗുരുതരമായ അസുഖങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കുന്ന അധ്യാപകർ ബന്ധപ്പെട്ട ജില്ലാമെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

iii. അനുകമ്പാർഹ സ്ഥലമാറ്റത്തിന് ഒരു റവന്യൂ ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുണ്ടാകുന്ന എല്ലാ ഒഴിവുകളും വിഷയത്തിന് അതീതമായി ഒരു യൂണിറ്റായി കണക്കാക്കി അതിന്റെ 10% അനുകമ്പാർഹ സ്ഥലംമാറ്റത്തിനർഹതയുള്ളതായി നിജപ്പെടുത്തി നടത്തേണ്ടതും, ഇത്തരം സ്ഥലംമാറ്റങ്ങൾ വർഷം തോറും പുനഃപരിശോധിക്കേണ്ടതുമാണ്. ഇത്തരം ഒഴിവുകളിലേക്ക് രോഗത്തിന്24/04/2017-ലെ സ.ഉ (പി) നം. 5/2017/ഉ.ഭ.പ.വറെ ഗുരുതരാവസ്ഥയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാക്രമപ്പട്ടികയിൽ ആദ്യം വരുന്ന അനുകമ്പാർഹർക്കും അവരുടെ വിഷയത്തിൽ പ്രസ്തുത ജില്ലയിൽ ഒഴിവുണ്ടെങ്കിൽ മാത്രം മുൻഗണനാക്രമത്തിൽ സ്ഥലംമാറ്റം നൽകുന്നതാണ്.

iv. അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷകൾ ഹയർസെക്കന്ററി ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്ന സിവിൽ സർജനിൽ കുറയാത്ത വിദഗ്ദരായ മെഡിക്കൽ ഓഫീസർമ്മാർ (കുറഞ്ഞത് രണ്ട് പേർ) എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിച്ച് മാത്രം അർഹതയും യോഗ്യതയും ഉള്ള അനുകമ്പാർഹരായവരുടെ മാത്രം പട്ടിക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്..

v. അനുകമ്പാർഹ സ്ഥലംമാറ്റങ്ങൾക്ക് താഴെപറയുന്ന മുൻഗണനാക്രമം പാലിക്കുന്നതാണ്:-

a. രോഗബാധിതനായ അധ്യാപിക/അധ്യാപകൻ.
b. അധ്യാപിക/അധ്യാപകന്റെ രോഗബാധിതരായ ഭർത്താവ്/ഭാര്യ/മക്കൾ
c. അധ്യാപിക/അധ്യാപകന്റെ രോഗബാധിതരായ അച്ഛൻ/അമ്മ (അവർ അധ്യാപിക/ /അധ്യാപകനോടൊപ്പം താമസിക്കുന്നവരെങ്കിൽ മാത്രം.)

7. **പ്രത്യേക മുൻഗണന**

i. പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾക്ക് സ്ഥലം മാറ്റത്തിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ഇപ്രകാരമുള്ള സ്ഥലംമാറ്റത്തിന് സർവ്വീസിൽ ഒരിക്കൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ഹോംസ്റ്റേഷനിൽ അഞ്ച് വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന അധ്യാപകരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണന നൽകുന്നതല്ല.

ii. പ്രത്യേക മുൻഗണന സ്ഥലംമാറ്റങ്ങൾ ഒരു ജില്ലയിൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരമുള്ള എല്ലാ ഒഴിവുകളും വിഷയത്തിനതീതമായി ഒരു യൂണിറ്റായി കണക്കാക്കി അതിന്റെ 20% ആയി നിജപ്പെടുത്തിയും നടത്തേണ്ടതാണ്. ഇങ്ങനെ കണക്കാക്കുന്ന ഒഴിവുകളിലേക്ക് മുൻഗണനാ ക്രമപ്പട്ടികയിൽ ആദ്യം വരുന്നവർക്ക് അവരുടെ വിഷയത്തിൽ പ്രസ്തുത ജില്ലയിൽ ഒഴിവുകളുണ്ടെങ്കിൽ മാത്രം മുൻഗണനാ ക്രമത്തിൽ സ്ഥലം മാറ്റം നൽകുന്നതാണ്.

iii. മുൻഗണന തെളിയിക്കുന്നതിനുള്ള രേഖകൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം ഹയർ സെക്കന്ററി ഡയറക്ടർക്ക് തപാൽമാർഗ്ഗവും ഓൺലൈനിലും സമർപ്പിക്കേണ്ടതാണ്. ഈ ആനുകൂല്യം അദ്ധ്യാപകന് /അദ്ധ്യാപികക്ക് മുമ്പ് ലഭിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രിൻസിപ്പൽ അയക്കുന്ന രേഖകളുടെ സാധുതയും അർഹതയും മുൻഗണനയും ഹയർസെക്കണ്ടറി ജോയ്ന്റ് ഡയറക്ടർ (അക്കാഡമിക്) അദ്ധ്യക്ഷനായും ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലെ 2 ഡെപ്യൂട്ടി ഡയറക്ടർമാർമാരും, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും അടങ്ങിയ ഒരു കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തി മുൻഗണന പട്ടിക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

iv. ഈ ആനുകൂല്യം ലഭിച്ച അദ്ധ്യാപകൻ /അദ്ധ്യാപികയുടെ സർവീസ് ബുക്കിൽ ആയത് ബന്ധപ്പെട്ട പ്രിൻസിപ്പൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഈ ആനുകൂല്യംലഭിച്ച അദ്ധ്യാപകൻ /അദ്ധ്യാപികയുടെ പേർ ,സ്കൂൾ, പഠിപ്പിക്കുന്ന വിഷയം , ഏതിനപ്രകാരമുള്ള ആനുകൂല്യം നല്കി തുടങ്ങിയവ ഉൾപ്പെടുത്തി ഹയർസെക്കണ്ടറി പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

v. പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗങ്ങൾ 25/02/2017-ലെ സ.ഉ (പി) നം. 3/2017/ഉ.ഭ.പ.വ അനുബന്ധ പ്രകാരവും 24/04/2017-ലെ സ.ഉ (പി) നം. 5/2017/ഉ.ഭ.പ.വ പ്രകാരം വരുത്തിയ ഭേദഗതി പ്രകാരവുമായിരിക്കും .

8. **മറ്റുള്ളവ**

i. പി.എസ്.സി മുഖേനയോ/ ബൈട്രാൻസ്ഫർ വഴിയോ നടത്തുന്ന നിയമനങ്ങൾ കണ്ടീഷണൽ നിയമനങ്ങളായിരിക്കും. അത്തരം നിയമനങ്ങൾ നൽകിയ തസ്തികകൾ ഓപ്പൺ വേക്കൻസികളായി തുടർന്നുണ്ടാകുന്ന പൊതുസ്ഥലംമാറ്റത്തിൽ വ്യവസ്ഥപ്പെടുത്തി കണ്ടീഷണൽ നിയമനം ലഭിച്ച അധ്യാപിക/അധ്യാപകനെ മറ്റു വിദ്യാലയങ്ങളിലേക്ക് മാറ്റി നിയമിക്കുന്നതുമാണ്. ഇപ്രകാരം മാറ്റി നിയമിക്കപ്പെടുന്ന അധ്യാപകർക്ക് പൊതുസ്ഥലംമാറ്റത്തിന് ശേഷം നിലനില്ക്കുന്ന ഒഴിവുകളിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്.

ii. മുന്നുവർഷത്തെ ഔട്ട് സ്റ്റേഷൻ സർവീസിനുശേഷം ട്രാൻസ്ഫർ ലഭിച്ച് ഹോംസ്റ്റേഷനിൽ എത്തിയ അധ്യാപകരെ സാധാരണ നിലയിൽ തുടർന്ന് അഞ്ച് അക്കാദമിക വർഷത്തേക്ക് സ്ഥലം മാറ്റുന്നതല്ല. എന്നാൽ പ്രമോഷനോ മറ്റ് ആകസ്മിക സാഹചര്യങ്ങളോ ഉണ്ടായാൽ മേൽ വ്യവസ്ഥ ബാധകമായിരിക്കുകയില്ല.

iii. പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെയും മറ്റ് വകുപ്പുകളിലെയും ഹയർ സെക്കന്ററി അധ്യാപകരുടെ അന്യത്ര സേവനകാലം സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല. മറ്റ് സേവനങ്ങളിലോ/ വിദേശത്തോ/ ഇന്ത്യക്കുള്ളിലോ മെച്ചപ്പെട്ട തൊഴിൽ തേടുന്നതിനുവേണ്ടിയുള്ള ശമ്പളരഹിത അവധിക്കാലം, മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെയുള്ള ശമ്പളരഹിത അവധിക്കാലം എന്നിവ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റിക്ക് പരിഗണിക്കുകയില്ല.

iv. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ രണ്ട് വർഷം മാത്രമുള്ള അധ്യാപകരെ, ആദ്യം വിരമിക്കുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ ആവശ്യാനുസരണമുള്ള സ്റ്റേഷനുകളിലെ ഒഴിവുകളിൽ നിയമിക്കുന്നതാണ്.

v. തനത് വർഷം മെയ് മാസം 31–നകം അംഗീകൃത പരിശീലനം പൂർത്തിയാക്കിയ എൻ.സി.സി/എസ്.പി.സി ചുമതലയുള്ള അധ്യാപിക/അധ്യാപകന് അവരുടെ യൂണിറ്റ് പ്രവർത്തിക്കുന്ന സ്കൂളിൽ അവർ താൽപ്പര്യപ്പെടുന്ന പക്ഷം പരമാവധി 10 വർഷം വരെ തുടരാൻ അനുവദിക്കാവുന്നതാണ്. അറുപത് ശതമാനത്തിൽ കൂടുതൽ അംഗപരിമിതരായ അധ്യാപകരെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 29.08.2017 ലെ സ.ഉ(എം.എസ്) നം.18/2017/ഉ.ഭ.പ.വ പ്രകാരം അവരുടെ നിലവിലെ സ്കൂളിൽ തന്നെ നിലനിർത്തുകയോ അവരുടെ ഓപ് ഷനുകളിലേക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകുകയോ ചെയ്യാവുന്നതാണ്. പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെയും 31.08.2007–ലെ സ.ഉ.(പി)391/2007/ഫിൻ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിയ്ക്ക് അർഹരായിട്ടുള്ള

സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്കൂളിൽ തന്നെ ഒരു വർഷക്കാലത്തേക്ക് നിയമിക്കുന്നതാണ്.

vi. ഓപ് ഷൻ/നിർബന്ധിതം/അനുകമ്പാർഹം/പൊതുതാൽപര്യാർത്ഥം/പ്രത്യേക മുൻഗണന മുതലായവ മുഖേനയുള്ള സ്ഥലംമാറ്റത്തിന്റെ സ്വഭാവം സ്ഥലംമാറ്റ ഉത്തരവിൽ പ്രത്യേക കോളത്തിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

vii. സ്ഥലംമാറ്റം സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

viii. അപേക്ഷയിലെ വിശദാംശങ്ങളിലോ, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകളിലോ സത്യമല്ലാത്തതോ വസ്തുതകളല്ലാത്തതോ വളച്ചൊടിച്ചതോ തെറ്റിദ്ധാരണ ഉണ്ടാക്കുന്നതോ ആയ എന്തെങ്കിലും കാര്യം ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഏതെങ്കിലും കാലത്ത് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അധ്യാപകനെതിരെയും രേഖകൾ തയ്യാറാക്കിയ ആൾക്കെതിരെയും അതറിഞ്ഞുകൊണ്ട് സാക്ഷ്യപ്പെടുത്തിയവർക്കെതിരെയും സർവീസ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾക്ക് പുറമെ ക്രിമിനൽ നടപടിയും സ്വീകരിക്കുന്നതാണ്,

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാന്**

**സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.

എല്ലാ ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.(ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം മുഖേന)

സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് :-

ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ-യ്ക്ക്